GVHSS PAYYANAKKAL-KOZHIKODE

LITTLE KITES -CLUB





# ജി വി എച്ച് എസ് എസ്

# പയ്യാനക്കൽ

# കോഴിക്കോട്

# സന്ദേശം

എട്ടാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥി കളിൽ നിന്നും തിരഞ്ഞെടുത്ത് രൂപീ കരിക്കപ്പെട്ട ലിറ്റിൽ കൈറ്റ്സ് ക്ലബ് പുതിയ മാനങ്ങളിലെക്ക് കടന്നിരിക്കു കയാണ്. ഡിജിറ്റൽ സംരഭ അസൂയാവഹ മായ ഒരു നേട്ടം കൈവരിച്ചിരിക്കുക യാണ് . വളരെ കുറഞ്ഞ കാലഘട്ടം കൊണ്ട് നമ്മുടെ പൊതു വിദ്യാലയങ്ങളിൽ ഇത്തരം പഠനാനുഭവങ്ങൾ ഒരുക്കാൻ കഴിഞ്ഞ നമ്മുടെ സർക്കാരിനേയും ഇതോടൊപ്പം അഭിനന്ദിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്ത ഈ നൂതനാശയം കുട്ടിക്കൾക്ക് മികച്ച അവസരങ്ങളും ആത്മവിശ്വാസവും നൽകുന്നു.ജിവി എച്ച് എസ് എസ് പയ്യാനക്കൽ ഈ സംരംഭത്തിന്റെ ഭാഗമായതിൽ അഭിമാനിക്കുതിനേടൊപ്പം നേതൃത്വം നൽകുന്ന ശ്രീമതി ബിന്ദു പി , ശ്രീമതി മോണിഷ എന്നിവർക്കും എല്ലാ ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾക്കും ആശംസകൾ നേരുന്നു.



പ്രധാനാധ്യാപിക

ശ്രീമതി ശ്രീലത വി കെ

## സന്ദേശം

പയ്യാനക്കൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽകൈറ്റ്സ് ക്ലബ് ഇ-മാഗസിൻ പുറത്തിറക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു. വിദ്യാർത്ഥികളിൽ അന്തർലീനമായി കിടക്കുന്ന സർഗവാസനകളെ തട്ടിയുണർത്തി നൂതന സാങ്കേതിക വിദ്യ ലോകത്തേക്ക് ഒരു പുതിയ അധ്യായമായി ഇ-മാഗസിൻ മാറട്ടെ എന്നാശംസിക്കുന്നതോടൊപ്പം ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ കുട്ടുക്കാർക്കും അധ്യാപകർക്കും ആശംസകൾ നേരുന്നു.

ശ്രീ അബ്ദുൾ സത്താർ

സീനിയർ അസിസ്റ്റന്റ്



## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



1.ആയിഷ ഫർഹാന പി.പി
2.അഭിൻ ടി.പി
3.നവീൻ കെ
4.മുഹമ്മദ് അദ്നാൻ സി
5.മുഹമ്മദ് ഷബീറലി കെ.വി
6.ആയിഷ എൻ.വി
7.ഇക്രമുൽ ഹക്ക് കെ.പി
8.മുഹമ്മദ് യാസീൻ എം
9.ഫാത്തിമ ഹിബ കെ.ടി
10.മുഹമ്മദ് ആഖിൽ സി
11.മുഹമ്മദ് സർബാസ് പി.പി
12.മുഹമ്മദ് ഷഫീക്ക് സി.വി
13.മുഹമ്മദ് സൽമാൻ സി.വി
14.സഞ്ജയ് പി.വി
15.ഷഹൽ പി
16.ഷംന എൻ.വി
17.അശ്വനി പി
18.ഫാത്തിമ ഷിഫ പി.പി
19.സ്നേഹ കെ
20.നിദ കെ
21.ഐശ്വര്യ പി
22.ഐശ്വര്യ കെ.പി
23.മുഹമ്മദ് ആദിൽ എൻ.വി
24.ഫർസിൻ അഹമ്മദ് പി.വി
25.അഖിൽ എം
26.മുഹമ്മദ് അനസ് സി.പി
27.ഫഹദ് പി
28 .അഭിനന്ദ് കെ പി

# എഡിറ്റോറിയൽ ബോർഡ്



# ഉള്ളടക്കം


| | |
|---|---|
| 1.DRUG ABUSE | MUHAMMED MUBSHOOK |
| 2.വാട്ടം പൂക്കൾ | MUHAMMED BILAL M |
| 3.വാടിയ പൂക്കൾ | NOUFAL K T |
| 4.പയ്യാനക്കൽ -കുട്ടിപട്ടങ്ങൾ | AKBAR SHAHIR M |
| 5.खूबसूरत बारिश | MUHAMMED SHABEERALI |
| 6.THE DARKY BEAUTY | MUHAMMED HAKKIL C |
| 7.കനവ് | BINDU P |
| 8.THE CLOUDS | THASLEEM |
| 9.THE OLD DAYS | MUHAMMED MASHOOK T V |
| 10.മൺമറഞ്ഞ ഓർമ്മ | AISWARYA P |
| 11.ആസ്വദനം | JISHNU P |
| 12.മഴ | AYISHA FARHANA P P |

# ആമുഖം

വിദ്യാലയങ്ങളെല്ലാം  ഹൈടെക്കായി മാറികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പൊതുവിദ്യാലയങ്ങളുടെ മുഖച്ഛായ തന്നെ മാറ്റി മറിച്ചു കൊണ്ട് പൊതുവിദ്യാഭ്യാസരംഗം കുതിച്ചു കൊണ്ടിരിക്കുകയാണ്.നവീനമായ അറിവുകൾ ഈ കുതിപ്പിന്റെ നാഡികളിലൂടെ പടർന്നു കയറുമ്പോൾ പുതുതലമുറക്ക് വാനോളം പറന്നുയരാൻ സാധിക്കുന്നുണ്ട്.വിവര വിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികളുടെ സർഗ്ഗശേഷികൾ ഉണർത്തുന്നതോടൊപ്പം ഗുണാത്മക വിദ്യാഭ്യാസം നേടിയെടുക്കുന്നതിന് ഉതകും വിധം പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയിലൂടെ കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത്. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമാകുന്ന ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ കാലഘട്ടത്തിൽവൈവിധ്യവും നൂതനവുമായ പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്.



Muhammad Mubshooq
VHSE IInd year

DRUG ABUSE

Now a days in the world there are so many people adicted to drug.The sad thing that is also women and children are using drug.This is harm for our future.So many teenager's are using drug several times a day . There are so many way of getting drugs now a days also in schools,there is so many problems in using drugs.If any one used drug one time then he will be adicted to drug and when ever he want drug he will do anything for must he will kill anyone.Drug is also harm to our body.It can cause cancer that can kill us.

If one person uses drug it will spread in all society.The drug deelers are the most dangerous people making drugs.There are several types of drug,different rute,shapeand different type of use.Student are using drugs.Some of are coming school not for studying for drug's.Some small shops are sailing drugs to students.

Drugs are commenly used in societies now.Main reason for using drug is the society and family.If some problem happened to any person the society and family don't support but avoid his anger it causes revenge and sad in his mind.For revenge he will use drugs.The first thing we can do to avoid from our children and family,it make friend ship in good way for every thing what they do.And give support to them for what they want to achieve.When we avoid them from doing everything they will forced to use drug for avoiding more tension.So support our family and children and say no to drugs.

MUHAMMED BILAL.M

VHSE 2nd-year



വാട്ടും പൂക്കൾ

മഴയെന്ന കാമുകനോട് വിടപറയുന്ന പൂക്കളെ...

പ്രായമായ മനുഷ്യനെ പോലെ വർഷക്കാലമായാൽ..,

വാടുന്ന പൂക്കളെ...

മഴയെന്ന അത്ഭുതത്തെ ഒന്ന് കാണാൻ കഴിയാതെ..,

സങ്കടം പറയുന്ന ജീവമേ...

(മഴയെന്ന കാമുകനോട് )

മഴഭ്രമിയിൽ വർഷിച്ചാൽ പിന്നെ വാട്ടുകയായി...

ഓർക്കാൻ ഒരു ഓർമ്മയുമില്ലാതെ ആ ചുട്ടുലമായ ഇരുട്ട്

നിറഞ്ഞ ജീവിതം അവർ ഓരോ ആണ്ടും ജീവിച്ച തീർക്കുന്നു...

മഴയെ എൻ മിഴിക്കുള്ളിൽ നീ നിൻ തുള്ളി പൊഴിക്കരുതേ...

ഒന്ന് ആഗ്രഹിച്ചു പോകുകയായ് നീ ഒന്ന് പെയ്യാതിരുന്നെങ്കിൽ..,

ഞാൻ ഒന്ന് ആശിച്ചുപ്പോയ്..

നിൻ യുഗത്തിൽ ഒന്ന് നെഞ്ച് വിരിച്ച് പൂക്കാൻ...

സങ്കടത്തോടെ ഏറെ പ്രാർഥനമാത്രമായി

ദൈവമേ നീ ഒന്ന് കനിയുമോ...

# <u>വാടിയപൂക്കൾ</u>



വാടിയ മണ്ണിൻ പൂക്കളിൽ

ചിരിപൊട്ടു തഴുകാൻ അതാ-

മാനത്ത് നിന്നൊരു  ഒരു ചെറു-

തുള്ളികൾ    താഴുന്നു.                    (വാടിയ)

വർഷകാലമേ നീ വന്നിട്ടും

പൂക്കളിൽ  ആനന്ദമർപ്പിച്ചിട്ടും

പോകെ പോകെ നീഅവരെ മറന്നിടും

പിന്നെ കാലം അങ്ങനെ മറന്നിടും

തിര തേജസ്സോടെ വളർന്നിടും പൂക്കൾ

തിരക്കിലെന്നപോലെ  വാടിടുന്നു.

കാലമേ നീ നൽകിടും സൗന്ദര്യം

മഴയെ നീ നശിപ്പിക്കും സൗന്ദര്യം

നാടിൻെറ സ്വർഗ്ഗമെന്ന പൂക്കളെ

നാടിൻെറ നരഗമാക്കി മാറ്റിടുന്നു

ചില സമയത്ത് അനുഗ്രഹമെന്ന നീ

തരുമെന്ന സമയത്ത് ഭീതിയാണ് എല്ലാവർക്കും

മാലാഖയായ് ജനിച്ചിട്ടും നീ

കാലനായ് വർഷിച്ചിട്ടും നീ

**<u>പയ്യാനക്കൽ സ്കൂളിൽ കുട്ടിപട്ടങ്ങൾ</u>**

**ഓരേ ഓർമകളാണ് ആത്മാക്കളാണ്.**

**എന്റെ ആകാശം നിറയെ പട്ടങ്ങളാണ്...**

**സ്വപ്നങ്ങളുടെ,ആഗ്രഹങ്ങളുടെ,ചിന്തകളടെ,...**

**മാനം നിറയെ കുട്ടിപട്ടങ്ങൾ......**

**എന്ന്**



Akbar Shahir

# <u>खूबसूरत बारिश</u>



बादल सें बारिश निकलें

धरती पर बारिश आयें

यें है बारिश

खूबसूरत बारिश

बारश है इतनी खूबसूरत

इसकें कारण

मुहम्मद षबीरली

$9^{th}$-C

सब बारिश को दॆखतें रहतें है

यें है बारिश

खूबसूरत बारिश

सब जीवो को पानी दॆकर

सब जीवो की प्यास बुझाती बारिश

यें है बारिश

खूबसूरत बारिश

बारिश सबकी प्यारी बारिश

बरिश है धरती का आधार

बारिश है धरती का वरदान

यें है बारिश

खूबसूरत बारिश

# കനവ്



മനസ്സാകുന്ന മലർ വാടിയിൽ

പൂന്തേനുണ്ണാൻ വരും സ്വപ്നങ്ങളേ

നീ വെറും സ്വപ്നമോ മിഥ്യയോ

എന്തെന്നറിയില്ലെങ്കിലും

ഏതെന്നറിയില്ലെങ്കിലും

എന്നോട് സൗഹൃദം കൂടുവാനായ്

എത്തുന്ന നിന്നെയെനിക്കെന്തിഷ്ടം.

എന്നോർമ്മതൻ വ്ടിയിൽ

വിടരുന്ന പൂക്കളായ് കിനാക്കളായ്

ഉല്ലസിക്കുന്ന നിന്നെ ഞാൻ

എൻ കുഞ്ഞു മനസ്സിന്റെ

നൊമ്പര തൊട്ടിലിൽ

താരാട്ടു പാടിയുറക്കവേ

നിശബ്ദമാം എൻ മനം

മന്ത്രിച്ചിടും കാതിൽ

നീ വെറും വിഢ്ഢിയോ?

ബിന്ദു.പി

അധ്യാപിക

Aiswarya.P 9th-D



# <u>മൺമറഞ്ഞ ഓർമ്മ</u>

ഒരിടത്ത് ധർമഗിരി എന്നൊരു ശാലിന സുന്ദരമായ ഗ്രാമമുണ്ടായിരുന്നു.അവിടെ സ്നേഹങ്ങളാൽ നിർമിതമായ ഒരു പുഴയുണ്ടായിരുന്നു. ആ പുഴ ഗ്രാമ വാസികളെയും അവർ തിരിച്ച് പുഴയും അങ്ങേയതികം സ്നേഹിച്ചു.ആ പുഴയെ ആസ്രയിച്ച് മുയുവരും ഒത്തൊരുമയുടെ കയിഞ്ഞു. അതിന്റെ അനേകങ്ങളായി ശബ്ദങ്ങൾ അവരുടെ ജീവിതത്തിന്ന് പൂർണമായും മാധുര്യം നിറച്ചു.

പ്രകൃതിയുടെ ഈ വരതാനത്തിന് ഒരു പ്രശ്നവും വെരുത്താതെ നദിയുടെകൂടെ അവർ ജീവിച്ചു പോകുന്നു.ധർമഗിരിയിലെ രണ്ട് കുഗ്രാമങ്ങളെ തമ്മിൽ ഒരുമിച്ചു നിർത്തിയ ആളാണ് ഈ പുഴ.ജീവിതത്തിന്റെ പാഠങ്ങൾ നദി ഗ്രാമവാസികൾക്ക് മനസ്സിലാക്കി കൊടുത്തു.

ഇങ്ങനെ സ്നേഹസമ്പന്നമായി കഴിഞ്ഞു കൊ്ടിരിക്കെ ഒരു ദിനം ആ ഗ്രാമത്തിലേക്ക് ക്ഷണിക്കാതെ വന്നു.അദ്ദേഹത്തിന്റെ പേര്അന്തോലിയൻ എന്നായിരുന്നു.അയാളുടെ കണ്ണുകളിൽ പെരും ക്രൂരത

നിറഞ്ഞിരിക്കുന്നുണ്ടായിരുന്നു.ധർമഗിരിക്കാർക്കൊരു പ്രത്യേകതയുണ്ടായിരുന്നു ആ ഗ്രാമത്തിലേക്ക് വരുന്ന അതിഥികളെ പൂവിട്ടു സ്വീകരിക്കുക എന്ന മര്യാദ.അങ്ങനെത്തന്നെ സന്തോഷത്തോടെ അന്തോലിയനേയും സ്വീകരിച്ചിരുത്തി.അതിഥിയോട് ദയാദാക്ഷിണ്യത്തോടെ കാര്യം തിരക്കിയപ്പോൾ അവരുടെ ഹൃദയം ഉരുകുന്നതുപോലെ തോന്നി.അവരുടെയും അവരുടെ ജീവിതത്തിന്റെയും ആത്മാവായ നദിയുള്ളിടത്ത് മണ്ണിട്ടു നികത്തി ഒരു ഫാക്ടറി പണിയാനുള്ള വാറന്റുമായാണ് അയാൾ വന്നെത്തിയത്.

അത് കേട്ടപ്പോൾ അവർ പറഞ്ഞു;

ഇങ്ങനെയൊരു ഫാക്ടറിയുടെ ആവശ്യം ഇവിടെ യില്ല . ദയവു ചെയ്ത് അത് നിർമിക്കരുത് എന്നും അവർ കേണപേക്ഷിച്ചു. എന്നാൽ ആ അപേക്ഷക്ക് ഒരു വിലപ്പോയും കൽപ്പിക്കാതെ പിറ്റേ ദിവസം ലോറിയിൽ മണ്ണിട്ടുമൂടി ഫാക്ടറി പണികൾ തുടങ്ങ. പുഴ ക്കേൽപ്പിച്ച ആ ക്ഷതം ഒരുപാട് പേരുടെ ജീവനെടുത്തു . അങ്ങനെ പുഴ വെറും ഒരു മൺമറഞ്ഞ ഓർമ്മയായി ജീവിക്കുന്നവരുടെ ഉള്ളിൽ ഒരു വിങ്ങലായി കിടന്നു.




Aju P.S

$9^{th}$-C

Majida K K
$8^{th.}$-D

## എന്നെ ആരും കൊല്ലല്ലെ

ഞാനാണ് കല്ലായി പുഴ.നിങ്ങൾക്ക് എന്നെ കുറിച്ച് കേട്ടറിവ് ഉണ്ടാകുമല്ലോ.കോഴിക്കോട് ജില്ലയിലൂടെ ഒഴുകുന്ന പുഴയാണ് ഞാൻ.ആദ്യകാലത്തെല്ലാം ഞാൻ മനുഷ്യർക്ക് വളരെയധികം പ്രിയപ്പെട്ടതായിരുന്നു. എൻെറ തീരത്ത് നിന്നായിരുന്നു മനുഷ്യർ പലതരത്തിലുള്ള ഉദ്യോഗങ്ങളും നിറവേറ്റിയിരുന്നത്.മീൻപിടുത്തം,
മരത്തടി നിർമ്മണം അങ്ങനെ അങ്ങനെ....! എന്തിന് പറയുന്നു മനുഷ്യരുടെ ജീവിതത്തിൽ ഒഴിച്ച് കൂടാനാവാത്ത ഒരു പ്രധാനപ്പെട്ട ഘടകം തന്നെയാണ് ഞാൻ.അവർ അവരുടെ ഓരോ കാര്യത്തിനും എന്നെയായിരുന്നു സമീപിച്ചിരുത്.ഞാനായിരുന്നു അവർക്കെല്ലാം.എന്റെ അടുക്കൽ കൂടുതൽ ആളുകളും എത്തിയിരുന്നത് മത്സ്യബന്ധനത്തിനായിരുന്നു.

എന്നാൽ ഇപ്പോൾ ആ കാലം എല്ലാം മാറിക്കഴിഞ്ഞു,ഞാൻ ഇപ്പോൾ മരിച്ചു കൊണ്ടിരിക്കുകയാണ്.അങ്ങനെയല്ല പറയണ്ടത് !മനുഷ്യർ ഇപ്പോൾ ഇഞ്ചിഞ്ചായി ഞങ്ങളെ കൊന്നു കൊണ്ടിരിക്കുകയാണ്. ഒരു നാൾ ഈ മനുഷ്യരുടെ ജീവിത മാർഗമായ ഈ പൂഴകളെ ഈ മനുഷ്യർ തന്നെ മരണത്തിലേക്ക് തള്ളി അയച്ചുകൊണ്ട് നിറചിരിക്കുന്നു എന്നിലൂടെ ഇപ്പോൾ ഒഴുക്കുന്നത് മലിനജലമാണ്. എന്നിൽ താമസിച്ചിരുന്ന മത്സ്യങ്ങളും മറ്റു ജന്തുക്കളുമെല്ലാം ഇപ്പോൾ എന്നിൽ നിന്നും മറ്റൊരു വാസസ്ഥലത്തേക്ക് മാറിയിരിക്കുന്നു. എന്നെ രക്ഷിക്കാൻ ഇപ്പോൾ ആരുമില്ല.പ്ലാസ്റ്റിക്കും മറ്റു അജൈവ വസ്തുക്കളാൽ ഞാൻ ഒന്നാകെ നിറഞ്ഞിരിക്കുന്നു.എന്നിലുള്ള മീനുകളും ഞണ്ടുകളുമല്ലാം ചത്തൊടുങ്ങുകയാണ്.വീട്ടിൽ നിന്നുമുള്ള മറ്റു വീട്ടുമാലിന്യങ്ങൾ ഒഴുകുന്നതും എന്നിലേക്ക് തന്നെയാണ് .നഗരങ്ങളിൽ നിന്നുമുള്ള എല്ലാ മാലിന്യങ്ങളും എത്തുന്നത് എന്നിൽ തന്നെയാണ്. പഴയക്കാലത്തേതുപോലെയല്ല,

മനുഷ്യരുടെ ആവശ്യങ്ങൾ കൂടി കൂടി വരുകയാണ്. ഒരു നാൾ മനുഷ്യരുടെ ജീവിത മാർഗം ഞങ്ങളായിരുന്നു. എന്നാൽ ആ മനുഷ്യർ തന്നെ ഞങ്ങളെ കൊല്ലുകയാണ്. ഞങ്ങൾ ഇനി തിരിച്ചു വരുമെന്ന് തോന്നുന്നില്ല. കാരണം പുഴകൾ മരിക്കുകയാണ്. ഞാൻ എന്റെ ദു:ഖം മാത്രമല്ല പറയുന്നത്, മറ്റു പല നദികളുടേയും ദു:ഖമാണ്. ഇനി ഞങ്ങളെ രക്ഷിക്കാൻ ആരുണ്ട് ? ആദ്യക്കാലം ഇപ്പോൾ ഒരിക്കലും തിരിച്ചു

വരാത്ത ഒരു ഓർമ്മയായി മാറിക്കൊണ്ടിരിക്കുകയാണ്. “ആദ്യക്കാലം ഒരു അപൂർവ്വ കാലമായി മാറിക്കഴിഞ്ഞു ഇനി ആ കാലം എന്നും പുഴകളുടെ ഒരു മറക്കാത്ത ഓർമ്മയാണ് "

Thasleem
VHSE 2nd-year



# THE CLOUDS

The backup of the clouds were not getting soon now , it's just gone away from my memories , that the clouds are passing through the little ponds where I swim years ago and crumbled through the mountain , when I failed on climbing and fall down , to teach me that story of the achievements made me a man now the clouds stand up on the heart of earth , it is my village were give me a most memorable , gracious , herbalic touchings to the deep heart of my patience of them make a man perfect , to fly in high like a bird with wings as my memories and travel to the

nostalagic , I feeled on the earth.

“memories never die , when nostalagy is living”

**<u>ശാന്തമാം മഴ വ്യാമോഹമോ..?</u>**

**കാറ്റും കോളുമായ് നീ വരും നേരത്ത്,**
**മാനവർ തന്നുടെ നെഞ്ചം പിടയ്ക്കുന്നു.**
**ഭീതിയായ് തേങ്ങലായ് രൗദ്ര**
**കാണുന്നു ഭൂമി തൻ മക്കൾക്കിടയിൽ!**

**ഇറ്റിറ്റുവീഴുന്ന തുള്ളികൾക്കെന്നുമേ**
**തുള്ളിക്കൊരു കുടമെന്നാകിലും.**
**മാനവർ ചെയ്ത കൊട്ടുംക്രൂരതകൾക്ക്,**
**പൂർണമാം മറുപടിയാകുകില്ല...**

**പുഴയെ ചതിക്കുന്ന മലയെ ചതിക്കുന്ന,**
**വയലു നിരത്തുന്ന നമ്മളൊന്നും**
**ഓർത്തില്ല മഴയെന്ന അവരുടെ കാമുകൻ,**
**നമ്മെയൊക്കെ കൊന്നെടുക്കുമെന്നും.**

**മഴ ആയിരങ്ങൾ തൻ ഭീതിയാണെങ്കിലും,**
**മറ്റൊരു കൂട്ടർക്ക് പ്രാർത്ഥനയാ....**
**നെഞ്ചു നീറി ഒരിറ്റു വെള്ളത്തിനായി**
**കാലങ്ങളോളമായ് കാത്തിരിപ്പാ...**

**പകയുണ്ട് ഭൂമിക്കും , മലകൾക്കും പുഴകൾക്ക്**

നമ്മോട് തീരാത്ത ദേഷ്യമുണ്ട്..
മഴയിന്നൊരേ സമയം നന്മയും,
തിന്മയുമായി നമുക്ക മുന്നിലെത്തുന്നു..

ഇനിയെങ്കിലും പുഴയെ ചതിക്കാത്ത,
മഴയെ ചതിക്കാത്ത വയലുനിരത്താത്ത,
മാനവരാവണം നമ്മളെന്നു-അതോ..
വെറുമൊരു തീരാസ്വപ്നമാണോ...

**Dilruba T.P**
**9th-C**

